**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3263** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ വിശദവിവരം അറിയിക്കുമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>1) ഗവ. എം.എൽ.പി.സ്കൂൾ, അണ്ടത്തോട്<br>2) ഗവ.എൽ.പി.സ്കൂൾ, കൊരഞ്ഞയൂർ<br>3) ഗവ.എൽ.പി.സ്കൂൾ, ഇരട്ടപ്പുഴ<br>4) ഗവ. എൽ.പി.സ്കൂൾ, വടക്കേക്കാട് |
| (ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്കൂളുകൾക്ക് ഭൂമിയും കെട്ടിടവും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | പ്രസ്തുത സ്കൂളുകളിൽ ഇരട്ടപ്പുഴ ഗവ. എൽ.പി.സ്കൂളിന് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് കടപ്പുറം പഞ്ചായത്ത് 30ലക്ഷം രൂപ വകയിരുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വടക്കേക്കാട് ഗവ.എൽ.പി. സ്കൂളിന് 42 സെന്റ് സ്ഥലം സ്വകാര്യ വ്യക്തിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഭൂമിയുടെ തരംമാറ്റൽ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ